പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1974

11.6.2018 ൽ
മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളുടെ സാധ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളുടെ സാധ്യത സംബന്ധിച്ച് നിയമോപദേശം തേടിയിരുന്നോ; എങ്കിൽ പ്രസ്തുത നിയമോപദേശത്തിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | എ) ഇല്ല. ചട്ടം രൂപീകരിക്കാനുള്ള സമിതിയിൽ നിയമ സെക്രട്ടറി അംഗമായിരുന്നു. മറ്റ് നിയമോപദേശം തേടിയിട്ടില്ല. |
| ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് സ്ട്രീം II പ്രകാരമുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളിൽ ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരീക്ഷ എഴുതുന്നതിനുള്ള അവസരം നിഷേധിച്ചതിന് അനുകൂലമായി വിശേഷാൽ ചട്ടങ്ങളുടെ സാധ്യത സംബന്ധിച്ച നിയമോപദേശത്തിൽ പരാമർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | ബി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കെ.എ.എസ്. രൂപീകരിക്കാൻ സർക്കാർ ഉദ്യോഗസ്ഥരുടെ രണ്ടാം ഗസറ്റഡ് തസ്തികയിൽ നിന്നും 10% തസ്തികകൾ കുറവു വരുത്തുന്നതിൽ ഭരണഘടനാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. ഭരണഘടനാ സ്ഥാപനങ്ങളിൽ കെ.എ.എസ്. ഉദ്യോഗസ്ഥരെ നിയമിക്കാനും ഉദ്ദേശിക്കുന്നില്ല. അതേസമയം ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിന് അവസരമുണ്ട്. |
| സി) ഭരണഘടനാ സ്ഥാപനങ്ങൾ എന്ന് വിവക്ഷിക്കുന്ന സ്ഥാപനങ്ങളുടെ കൃത്യമായ വിവരം നിലവിൽ സർക്കാരിന്റെ കൈവശമുണ്ടോ; ഇല്ലെങ്കിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളിലെ ഭരണഘടനാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ രൂപീകരിക്കുന്നതിന് ആധാരമാക്കിയ വിവരങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | സി) Finance Commission-Article 280, Public Service Commission – Part XIV Chapter 2 Article 315-323, National Commission for SC/ST-Article 338/ Article 338-A, Comptroller Auditor General-Article 148, Attorney General of India-Article 76 തുടങ്ങിയവ ഭരണഘടനാ സ്ഥാപനങ്ങളാണ്. |

| | | | |
|---|---|---|---|
| ഡി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങൾക്ക് രൂപം നൽകുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ ഭരണഘടനാ സ്ഥാപനങ്ങളിൽ നിന്നുള്ള എല്ലാ അംഗീകൃത സർവ്വീസ് സംഘടനകളേയും ചർച്ചയ്ക്ക് ക്ഷണിച്ചിരുന്നോ; ഭരണഘടനാ സ്ഥാപനങ്ങളിൽ നിന്നുള്ള ഏതൊക്കെ സർവ്വീസ് സംഘടനകളെയാണ് ക്ഷണിച്ചിരുന്നത്; ഏതൊക്കെ സംഘടനകൾ പങ്കെടുത്തു; ഏതെങ്കിലും സംഘടനകളെ ഒഴിവാക്കിയിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; | ഡി) | ഇല്ല. കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ, കേരള പി.എസ്.സി. അസോസിയേഷൻ എന്നീ സംഘടനകളെ ചർച്ചയ്ക്ക് ക്ഷണിച്ചിരുന്നു. ചർച്ചയിൽ കേരള പി.എസ്.സി. അസോസിയേഷൻ പങ്കെടുത്തു. |

സെക്ഷൻ ഓഫീസർ